


# സഹനത്തെ നേരിടാൻ

മർക്കോ. 8: 31 – 9:1; നിയമാ. 8: 1 – 10; 2 മക്ക. 6: 18 – 31; 1 പത്രോ. 4: 12 – 19

ബ്ര. ജിൻസൺ ഷാജി

Vol. 12, Issue: 46

ദിവ്യകാരുണ്യ ഈശോയിൽ ഏറെ സ്നേഹിക്കപ്പെടുന്ന പ്രിയ മാതാപിതാക്കളേ, സഹോദരീ സഹോദരന്മാരേ,

ആരാധനാക്രമവത്സരത്തിലെ ഏറ്റവും ശ്രദ്ധേയമായ നോമ്പുകാലത്തിലേക്ക് നാം പ്രവേശിച്ചിട്ട് ഇന്ന് ആറാം ഞായറാഴ്ചയാണ്. വലിയ നോമ്പിലൂടെ സഭ നമുക്കു വേണ്ടി ഒരു ഉണർത്തുമണി മുഴക്കുകയാണ്. നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിലും ഹൃദയത്തിലും അനുരഞ്ജനത്തിന്റെയും ജീവിതനവീകരണത്തിന്റേതുമായ ആ മണിയുടെ സ്വരം മുഴങ്ങിക്കേൾക്കണം. ഇസ്രായേൽക്കാരുടെ നാൽപതു വർഷത്തെ യാത്ര, മൂശെയുടെ നാൽപതു ദിവസത്തെ ഉപവാസം, നിനവെക്കാരുടെ നാൽപതു ദിവസത്തെ ഉപവാസം, ഈശോയുടെ നാൽപതു ദിവസത്തെ മരുഭൂമിവാസവും, പ്രാർത്ഥനയുടെയുമെല്ലാം വെളിച്ചത്തിൽ സഭ രൂപവത്ക്കരിച്ച ദിനങ്ങളാണ് വലിയ നോമ്പ്. ഈശോയുടെ ഉയിർപ്പിന് അടുത്തൊരുങ്ങുന്ന നമുക്ക് കൂടുതൽ പ്രാർത്ഥനയിലും പരിത്യാഗത്തിലും മറ്റുള്ളവരോടുള്ള സ്നേഹത്തിലും ആയിരിക്കാൻ ശ്രമിക്കാം.

ഇന്ന് സഭാമാതാവ് നമ്മുടെ വിചിന്തനത്തിനായിട്ട് തന്നിരിക്കുന്നത് വി. മർക്കോസിന്റെ സുവിശേഷം 8-ാം അദ്ധ്യായം 31 മുതൽ 9:1 വരെയു ള്ള വാക്യങ്ങളാണ്. ഈശോ തന്റെ പീഡാസഹനത്തെക്കുറിച്ചും മരണത്തെക്കുറിച്ചുമുള്ള പ്രവചനങ്ങൾ ശിഷ്യരെ പഠിപ്പിക്കുന്ന ഭാഗമാണ് നാം ഇന്ന് വായിച്ചുകേട്ടത്. ഈശോ തനിക്ക് ഭവിക്കാനിരിക്കുന്ന സഹനങ്ങളെക്കുറിച്ച് പറഞ്ഞുതുടങ്ങിയപ്പോൾ ശിഷ്യപ്രമുഖനായ പത്രോസ്, നിനക്കിതൊന്നും സംഭവിക്കാതിരിക്കട്ടെ എന്നുപറഞ്ഞ് സഹനമരണങ്ങളെ വേണ്ടെന്നു വയ്ക്കാൻ ക്രിസ്തുവിനോടു പറയുന്നു. സഹോദരരേ, യഥാർത്ഥത്തിൽ ഇതും ഒരു പ്രലോഭനമായിരുന്നു. അന്ന് ഈശോ തന്റെ പരസ്യജീവിതം ആരംഭിക്കുന്നതിനു മുമ്പ് പിശാചിലൂടെ മരുഭൂമിയിൽ വച്ച് നേരിട്ട അതേ പ്രലോഭനത്തോളം ശക്തമായിരുന്നു തന്റെ പ്രിയശിഷ്യനിലൂടെ നേരിട്ട ഈ പ്രലോഭനവുമെന്ന് നാം മറന്നുപോകരുത്.

“ഞാൻ ആരെന്നാണ്” എന്ന ചോദ്യത്തിന് “നീ ജീവനുള്ള ദൈവത്തിന്റെ പുത്രന്റെ മിശിഹായാകുന്നു” എന്നു പറഞ്ഞ പത്രോസിന് താബോറിൽ മഹത്വപൂർണ്ണനായ മിശിഹായോടൊ

ത്തായിരിക്കുകയും നാം ഇവിടെ ആയിരിക്കുന്നത് നല്ലതാണ് എന്ന് ആത്മീയനിർവൃതിയിൽ എല്ലാം മറന്ന് പറയുകയും ചെയ്ത പത്രോസിന് ശിഷ്യരുടെ ഇടയിൽ ഒരു പ്രമുഖസ്ഥാനം തന്നെ ഉണ്ടായിരുന്നു. ആ പത്രോസിനെ 'സാത്താനേ' എന്നു വിളിച്ച് പുറകിലേക്കു മാറ്റിനിർത്തിയത് ശരിയായില്ല എന്ന ഒരുപക്ഷേ നാം ചിന്തിച്ചേക്കാം. പക്ഷേ ക്രിസ്തുവിന്റെ ആ വിളി ഒരു ആവശ്യമായിരുന്നില്ലേ? കുറേ തിരിച്ചറിവുകൾ നൽകുന്ന വിളി, പത്രോസിന് ആഴത്തിലുള്ള ബോധ്യങ്ങൾ നൽകിയ ഒരു വിളിയായിരുന്നു അത്. പ്രിയമുള്ളവരേ, അറിഞ്ഞോ അറിയാതെയോ ഞാനും നിങ്ങളുമൊക്കെ പറഞ്ഞുപോയ ഒരു കാര്യമുണ്ട്. കുരിശുകൾ ആവശ്യമല്ല മറിച്ച് അനാവശ്യമാണെന്ന് നാം പറഞ്ഞുപോയിട്ടുണ്ടെങ്കിൽ നമ്മളും പത്രോസിനെപ്പോലെ ക്രിസ്തുവിനെ പൂർണ്ണമായും മനസിലാക്കാൻ കഴിയതെ പോയവരുടെ ഇടയിലാണ്.

ദൈവത്തിന്റെ ഒപ്പമാണെന്നു തെറ്റിദ്ധരിക്കപ്പെട്ട ഇസ്രായേൽ ജനത്തെക്കുറിച്ചാണ് ഇന്നത്തെ ഒന്നാം വായനയായ നിയമാവർത്തനം 8:1-10 വരെയുള്ള വാക്യങ്ങളിൽ നാം വായിച്ചുകേട്ടത്. ഇന്നത്തെ സുവിശേഷവുമായി വളരെ ബന്ധപ്പെട്ടു നിൽക്കുന്ന വായനകളാണ് ഇന്ന് നാം വായിച്ചുകേട്ടതെല്ലാം തന്നെ. ദൈവം പ്രത്യേകം തിരഞ്ഞെടുത്ത ഒരു ജനം, അവിടുത്തെ കൂടെയായിരിക്കാനും സഹനങ്ങളിൽ പങ്കുചേരാനും വിളി ലഭിച്ച ജനം അതൊന്നും വേണ്ടെന്നു വച്ച് തിന്മയെ തിരഞ്ഞെടുക്കുകയാണ്. ഈ ജനവും പത്രോസിൽ നിന്ന് ഒട്ടും വ്യത്യസ്തരായിരുന്നില്ല. സഹനങ്ങളെ ഏറ്റെടുക്കാനുള്ള ശക്തി ജീവിതത്തിൽ തരുന്ന പ്രഖ്യാപനവുമായി വരുന്ന പത്രോസിനെക്കുറിച്ചാണ് നാം ഇന്ന് 1 പത്രോസിന്റെ ലേഖനഭാഗം 4:12-19 വരെയുള്ള ഭാഗത്ത് വായിച്ചുകേട്ടത്. അന്ന് തിരിച്ചറിവുകൾ ഇല്ലാതെ പത്രോസ് വിളിച്ചുപറഞ്ഞു സഹനം വേണ്ടാ എന്ന്. എന്നാൽ ഇന്ന് സഭകളോടായി പത്രോസ് പറയുകയാണ്, അഗ്നിപരീക്ഷകൾ ഉണ്ടാകാം നിങ്ങൾ പരിഭ്രമിക്കേണ്ടാ. ക്രിസ്തുവിന്റെ പീഡകളിൽ നിങ്ങൾ പങ്കുകാരാകുന്നതിൽ ആഹ്ലാദിക്കുവിൻ. പരിശുദ്ധാത്മാവിനാൽ നിറഞ്ഞ പത്രോസ് പുതിയ മനുഷ്യനായിത്തീർന്നു. സഹനങ്ങളെ ജീവിതത്തിൽ സ്വീകരിക്കാൻ പത്രോസും തയ്യാറായി.

പ്രിയമുള്ളവരേ, നമ്മളും കാൽവരിയിലേക്കുള്ള യാത്രയിലാണ്. അവിടെ ഞാനും നിങ്ങളുമൊക്കെ ക്രിസ്തുവിനൊപ്പം സഹനങ്ങൾ ഏറ്റെടുക്കാൻ തയ്യാറാകണം. അന്ന് ആ കാൽവരിയിലെ നെറുകയിൽ ക്രിസ്തു പഠിപ്പിച്ച സത്യത്തെ നമുക്ക് ഓർക്കാം. ദൈവമായിരുന്നിട്ടും വിശപ്പാകുന്ന ആ സഹനത്തെ, ആ കല്ലുകളെ അവിടുന്ന് അപ്പമാക്കിയില്ല. നമ്മുടെ ജീവിതത്തിലും അപ്രതീക്ഷിതമായി നാളെ കല്ലുകൾ കടന്നുവരാം. ഭയപ്പെടേണ്ട, ഞാൻ നിന്നോടു കൂടെയുണ്ട് (ഏശയ്യാ 41:10) എന്നു പറഞ്ഞ കർത്താവ് നമ്മുടെ കൂടെയുണ്ട്. കല്ലുകൾ നമ്മുടെ ജീവിതത്തിൽ കടന്നുവരുമ്പോൾ കർത്താവിനോട് അതിനെ അപ്പമാക്കിത്തരാൻ പറയരുത്. മറിച്ച്, അവനാകുന്ന മുന്തിരച്ചെടിയോട് ചേർന്നിരുന്നാൽ മാത്രം മതി. ഓരോ വേദനയിലൂടെയും സഹനങ്ങളിലൂടെയും ഒറ്റപ്പെടലുകളിലൂടെയുമൊക്കെ നമ്മൾ കടന്നുപോകുമ്പോൾ അവനോട് നാം ചേർന്നുനിന്നാൽ നമ്മിലെ തിന്മകളും ബന്ധനങ്ങളുമാകുന്ന കല്ലുകൾ പൊടിഞ്ഞുകൊള്ളും. അങ്ങനെ പൊടിയുന്ന മണ്ണിലേക്ക് ക്രിസ്തു അവന്റെ വചനം വിതയ്ക്കും. ആ വചനം തീർച്ചയായും എന്റെയും നിങ്ങളുടെയും ഹൃദയത്തിൽ നൂറു മടങ്ങ് ഫലം പുറപ്പെടുവിക്കും. അങ്ങനെ നമ്മുടെ സഹനങ്ങളാകുന്ന കല്ലുകൾ അനേകർക്കു ജീവനേകുന്ന അപ്പമായി മാറും.

നമ്മുടെ ജീവിതത്തിലെ ചെറിയ ചെറിയ കല്ലുകൾ ക്രിസ്തു കടന്നുപോയ കാൽവരിയിലെ പാതയിൽ നിരത്തിവച്ച് നമുക്കും ഈ നോമ്പിൽ സഹനത്തിന്റെ, ത്യാഗത്തിന്റെ ആ പാതയിലൂടെ കടന്നുപോകാം. ഇന്ന് ഈ പരിശുദ്ധ ബലിയുടെ മദ്ധ്യേ ആയിരിക്കുമ്പോൾ പിതാവായ ദൈവം പുത്രന്റെ മരണത്തിലൂടെ നമ്മെ പഠിപ്പിച്ച കാര്യം നമുക്ക് ഓർക്കാം. അത് മറ്റൊന്നുമല്ല, നമ്മുടെയൊക്കെ ജീവിതത്തിൽ സഹനങ്ങൾ തന്നത് നമ്മളെ വേദനിപ്പിക്കാനല്ല, മറിച്ച് ക്രിസ്തുവിന് നമ്മുടെ ജീവിതത്തിൽ പ്രവേശിക്കാനുള്ള വഴിയാണ് സഹനത്തിന്റെ ആ വഴിയെന്ന് നമുക്ക് മറാക്കാതിരിക്കം. ദൈവം നമ്മെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ആമ്മേൻ.